## (ശൈലപ്രഭാഷണം – തുടർച്ച)

## 'ശ്രീസുതർ'

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

ശിഷ്യരുമൊത്തു ശ്രീയേശുവെഴുന്നള്ളി
ശൈലപീഠത്തിലന്തിയിൻ പ്രശാന്തിയിൽ
കാൽമൂട്ടുകളാ തൃണമെത്തയിലൂന്നി
കണ്ണുകൾ കൂപ്പി താതനോടർത്ഥനയായ്
താരകാങ്കിത നിശ്ശബ്ദ യാമിനിയിൻ
തുഷാരാർദ്രമാം പേശല പ്രഭാതത്തിൽ
ബദ്ധഹൃദയരാം മർത്യസഹസ്രത്തോ
ടിത്ഥം ഭാഷിച്ചാൻ സ്വർഗ്ഗീയ മർമ്മങ്ങളെ!

"ആത്മാവിൽ നിർദ്ധനരായവർ 'ശ്രീസുതർ'
രമ്യമാം വിണ്ണവർക്കുള്ളതത്രെ;
ആതങ്കം കൊണ്ടു കേഴുന്നവർ 'ശ്രീസുതർ'
സന്തോഷസിന്ദുവിൽ മുങ്ങുമവർ;
സൗമ്യതയുള്ളവർ നിശ്ചയം 'ശ്രീസുതർ'
ഭൂമിയവർക്കവകാശമാകും;
നീതിക്കായ് ബദ്ധപ്പെടുന്നവർ 'ശ്രീസുതർ'
സംതൃപ്തരായവർ വാഴുമെന്നും;
കാരുണ്യം കാട്ടുവോർ, 'ശ്രീസുതർ' തന്നവർ
കാരുണ്യം കൺടെത്തും ഭംഗമെന്യേ;
ആന്തരശുദ്ധിയിൽ ധന്യരും 'ശ്രീസുതർ'
സന്തതമീശനെ കാണുമവർ;
ശാന്തിയേകുന്ന ഭൂമാന്യരും 'ശ്രീസുതർ'
അന്തരമില്ലവർ ദൈവപുത്രർ;
നീതിക്കായ് പീഢയേൽക്കുന്നവർ 'ശ്രീസുതർ'
സത്യമായ് വാനിടം പൂകുമവർ;
മാമകനാമം കൊൺടാമയം നിങ്ങൾക്ക്
ആമന്ദം വന്നു ഭവിക്കുമെങ്കിൽ;
'ശ്രീസുത'രായിടും നിങ്ങളനാരതം
ശാശ്വതലോകവും നേടും നിങ്ങൾ."

* * * *

ഇപ്പാരിനുപ്പാണു നിങ്ങളെന്നോർക്കണം
ഉപ്പാണു സ്വാദിന്നുറവയെന്നും,

ഉപ്പാകും നിങ്ങൾക്കു കാരമില്ലാതായാൽ
ചപ്പായി മുറ്റത്തു തള്ളുമത്രെ,
ലോകത്തിൻ ദീപവും നിങ്ങൾ തന്നല്ലയോ
പൊക്കത്തിൽ ശോഭിക്കും സ്നേഹദീപം,
മൽസുതരായിടും നിങ്ങളീ ക്ഷോണിയിൽ
ഭാസുരദീപമായ് ശോഭിക്കേണം,
മാമല ശ്രംഗത്തിൽ കാമ്യമായ് നിർമ്മിച്ച
പൂമേട വെട്ടിത്തിളങ്ങിടും പോൽ
നിങ്ങൾതൻ കൈവശമുള്ളതാം ദീപിക
ഭംഗ്യാ വിളങ്ങട്ടെ ദീപ്തിയോടെ,
നിങ്ങൾ ചെയ്യുന്ന സൽക്കർമ്മങ്ങളിൽ സദാ
അങ്ങുയരെ പിതാവാനന്ദിക്കും.

(തുടരും)

ശ്രീസുതർ = ഭാഗ്യവാന്മാർ

..................